(ബി) യോഗ്യതയുള്ളവരെ അവഗണിച്ച് കുറഞ്ഞ യോഗ്യതയുള്ളവരെ ആയുർവ്വേദകോളേജിൽ നിയമിച്ചതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ആയുർവ്വേദാചാര്യ ഫയർ മെഡിക്കൽ സർട്ടിഫിക്കറ്റ് (നിർത്തലാക്കിയതു്) വൈദ്യകലാനിധി, ഉപാദ്ധ്യായ, മഹോപാദ്ധ്യായ എന്നിവയാണു് പണ്ഡിറ്റിനു് സമ്മീസ് റിക്രൂട്ടുമെന്റു മാനുവലിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾ. അസിസ്റ്റന്റു പണ്ഡിറ്റിനു് ആയുർവ്വേദാചാര്യ, വൈദ്യകലാനിധി (With distinction) എന്നിവയാണു നിർദ്ദേശിച്ചിട്ടുള്ളതു്;

(ബി) ഉണ്ടു്.

(സി) അതു് ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

விவசாய வருமான வரி

* 1007. [37] ஸ்ரீ. டி. எஸ். ராமசுவாமி: கீழ்க்காணும் விஷயங்களுக்கு கனம் நிதி மந்திரி அவர்கள் விடை பகர்வார்களாக:

(a) விவசாய வருமானவரி ஒவ்வொரு தாலூக்காகளிலும் எத்தனைபேர் கொடுக்கிறார்கள்; என்ன தொகை கொடுக்கிறார்கள்; மொத்தம் என்ன;

(b) சூப்பர் டாக்ஸ் (Super Tax) எத்தனை பேர் எந்தெந்த தாலூக்காகளில், எவ்வளவு செலுத்துகிறார்கள்? (சென்ற வருஷக் கணக்கின்படி கூறவும்)

Home Minister (SHRI A. J. JOHN):

(a) A taluk-war list is not readily available as there is no system of maintaining a list on this basis. Information regarding the agricultural income tax payable by each assessee cannot be divulged as per Section 54 of the Agricultural income tax Act.

A sum of Rs. 1,20,12,969 was collected during 1954–55 by way of agricultural income tax.

(b) A sum of Rs. 30,12,728 was collected during 1954–55 by way of super tax.

In view of the answer to question (a) no further information is available.

സഹകരണ പ്രസ്ഥാനം.

* 1008. [38] ശ്രീ. പ്രാക്കുളം ഭാസി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണപ്രസ്ഥാനം വിപുലീകരിക്കുവാൻ കേന്ദ്രഗവണ്മെന്റിൽ നിന്നും എന്തെല്ലാം പദ്ധതികളാണു് നടപ്പിൽ വരുത്തേണ്ടതു്

LIBRARY ARCHIVES Kerala Legislative Assembly

തെന്ന സംസ്ഥാനഗവണ്മെൻറിന നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പദ്ധതികളും എന്തെല്ലാം;

(ബി) സംസ്ഥാനഗവണ്മെൻറ എന്നത്തേയ്ക്കു ഈ പദ്ധതികളും നടപ്പിൽ വരുത്തണമെന്ന ഉദ്ദേശിക്കുന്നു ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) സഹകരണപ്രസ്ഥാനം വിപുലീകരിക്കുന്നതിനു റിസർവ്വ് ബാങ്കിൻെറ റൂറൽ ക്രെഡിറ്റ സർവ്വെ റിപ്പോർട്ടിലുള്ള നിർദ്ദേശങ്ങളും അനുപദമാക്കി പദ്ധതികളും ആവിഷ്കരിച്ചു് നടപ്പിലാക്കുന്നതിനു കേന്ദ്രഗവണ്മെൻറിൽനിന്നും നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ടു്. അതനുസരിച്ചു് താഴെ പറയുന്ന പദ്ധതികളും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടു്.

1.	നാണയസംഘങ്ങളും പുനസംഘടിപ്പിക്കുക	15·8	ലക്ഷം രൂപ
2.	സഹകരണവിപണനം	33·3	,,
3.	പണ്ടകശാല നിർമ്മാണം		
4.	സഹകരണ പരിശീലനം വിദ്യാഭ്യാസം	3	,,
5.	സഹകരണ കൃഷി സംഘങ്ങളും	3·5	,,
6.	സഹകരണ ക്ഷീരവ്യവസായം	6·75	,,
7.	ഡിപ്പാർട്ടുമെൻറ പുനസ്സംഘടന	5	,,
8.	സ്റ്റേറ്റവെയർഹൗസിംഗ് കമ്പനി	20	,,
9.	സഹകരണ ഡവലപ്പുമെൻറ് ഫണ്ടു്	5	,,
10.	റിലീഫ് ആൻഡ് ഗാരൻറി ഫണ്ടു്	5	,,
11.	തുണ്ടുകളായികൃഷിചെയ്യുന്ന ഭൂമികളും ഏകീകരിക്കുന്നതിനു്	5	,,

മേൽ പറഞ്ഞ പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ട പരിശീലനം ലഭിക്കുന്നതിനായി പൈലറ്റ് പ്രോജക്റ്റുകളും നടപ്പിലാക്കുന്നതിനും ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടു്.

(ബി) പൈലറ്റ് പ്രോജക്റ്റുകളും തന്നാണ്ടിലും ഇതരപദ്ധതികളും 1956-57 മുതലും നടപ്പിൽ വരുത്തുന്നതാണു്.

സ്റ്റേറ്റ സഹകരണ ബാങ്കു്

* 1009. [39] ശ്രീ. പ്രാക്കുളം ഭാസി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് സ്റ്റേറ്റ് സഹകരണ ബാങ്കു് പ്രവർത്തനം നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതൽ;

(ബി) സ്റ്റേറ്റ് സഹകരണബാങ്കു് കൂടാതെ ഡിസ്ട്രിക്റ്റ് ബാങ്കുകളും രൂപീകരിച്ചിട്ടുണ്ടോ ;

(സി) രൂപീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly